(സി) സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനു അനുവദിച്ച ഗ്രാന്റ്-ഇൻ-എയ്ഡ് തുകയിൽ നിന്നും 2014-15 കാലയളവിലേക്കായി ഒരു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി&ഇ) കേരള സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ ഡയറക്ടർ സ്ഥാനത്തേക്ക് നിയമനം നടന്നിട്ടില്ല. ആയതിലേക്കുള്ള നിയമനം നടന്നതിനു ശേഷം മാത്രമേ കൗൺസിലിന്റെ രൂപീകരണം സാധ്യമാകൂ.

രജിസ്ട്രേഷൻ നിയമങ്ങൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

13(*T403) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം നിയമങ്ങൾക്കാണ് ക്രോഡീകരണം ആവശ്യമുള്ളതെന്നു വിശദമാക്കുമോ;

(സി) നിയമപരിഷ്കരണ നടപടികൾക്കായി ആരെയെങ്കിലും ചുമതല ഏല്പിച്ചിട്ടുണ്ടോ; എങ്കിൽ ആരെയാണെന്നും എന്നാണ് ചുമതല ഏല്പിച്ചതെന്നും എന്തൊക്കെ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ഉണ്ട്. രജിസ്ട്രേഷൻ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 8-6-12-ലെ (എം.എസ്) 98/2012/ നിവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ) എന്ന പുതിയ തസ്തിക സൃഷ്ടിക്കുകയും ആയതിൽ ശ്രീ. കെ. ആർ. വിവേകാനന്ദിനെ നിയമിക്കുകയുമുണ്ടായി. ടി ഉദ്യോഗസ്ഥന്

T മാറ്റിവെച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

രജിസ്ട്രേഷൻ മാന്വൽ കാലോചിതമായി പരിഷ്കരിക്കുക, രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ. പരിഹരിക്കാനുള്ള ശുപാർശകൾ നൽകുക, എന്നീ ചുമതലകൾ നൽകുകയുണ്ടായി. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ)-നെ ടിയാന്റെ ചുമതലകൾ നിറവേറ്റുന്നതിൽ സഹായിക്കുന്നതിലേക്കായി ജോയിന്റ് ഇൻസ്പെക്ടർ ജനറൽ ശ്രീ. എൻ. കെ. ശിവദാസനെ 23-12-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 997/2013/നിവ. പ്രകാരം നിയമിച്ചിട്ടുണ്ട്.

(ബി) രജിസ്ട്രേഷൻ നിയമങ്ങൾ, രജിസ്ട്രേഷൻ മാന്വൽ എന്നിവയിൽ പരിഷ്കരണം ആവശ്യമാണ്.

(സി) ഉണ്ട്. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ (മോഡണൈസേഷൻ) ചുമതല ഏൽപ്പിച്ചിട്ടുണ്ട്. 8-6-2012-ലെ (എംഎസ്.) 98/2012/റ്റിഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ വകുപ്പിൽ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ) എന്ന തസ്തിക സൃഷ്ടിച്ചു. 1-8-2012-ലെ (എംഎസ്.) 138/2012/റ്റിഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ (മോഡണൈസേഷൻ)-ന് നിർവ്വഹിച്ചു നൽകിയ ചുമതലകളിൽ, രജിസ്ട്രേഷൻ വകുപ്പ് കൈകാര്യം ചെയ്യുന്ന നിയമങ്ങളിലെ പോരായ്മകൾ പരിഹരിക്കാനുള്ള ശുപാർശകൾ നൽകലും ഉൾപ്പെടുന്നു. പ്രസ്തുത ചുമതലകൾ കാലവിളംബം കൂടാതെ നിർവ്വഹിക്കുന്നതിന് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വേണമെന്നാവശ്യപ്പെട്ട് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

മലയോര ഹൈവേ നിർമ്മാണം

14(*404) ശ്രീ. രാജു എബ്രഹാം :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലയോര ഹൈവേ നിർമ്മാണത്തിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ ; എത്ര കിലോമീറ്ററാണ് ഇതിന്റെ ദൈർഘ്യമെന്ന് അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly